"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീ.അജിത്.കെ-യ്ക്ക് ആശ്രിത നിയമനം വഴി വനിത ശിശു വികസന വകുപ്പിൽ പാലക്കാട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2024/WCDD തീയതി,തിരുവനന്തപുരം, 15-07-2024

---

പരാമർശം:-

1. സ.ഉ.(പി) നം.12/1999/ഉ.ഭ.പ.വ. തീയതി 24.05.1999.
2. സ.ഉ.(പി) നം.37/2002/ഉ.ഭ.പ.വ. തീയതി 15.07.2002.
3. സ.ഉ.(പി) നം.29/2011/ഉ.ഭ.പ.വ. തീയതി 26.08.2011.
4. സ.ഉ.(പി) നം.23/2015/ഉ.ഭ.പ.വ. തീയതി 25.07.2015.
5. സ.ഉ.(എം.എസ്) നം. 5/2018/ഉ.ഭ.പ.വ. തീയതി 21.02.2018.
6. സ.ഉ.(പി) നം.7/2018/ഉ.ഭ.പ.വ. തീയതി 28.04.2018.
7. സ.ഉ (എം.എസ്) നം. 8/2019/ഉ.ഭ.പ.വ. തീയതി 05.07.2019.
8. സ.ഉ.(പി) നം.12/2023/ഉ.ഭ.പ.വ. തീയതി 14.07.2023.
9. സ.ഉ (എം.എസ്) നം. 21/2023/ഉ.ഭ.പ.വ. തീയതി 09.11.2023.
10. ശ്രീ.മണികണ്ഠൻ.കെ-യുടെ മകൻ ശ്രീ.അജിത്.കെ, കണ്ടപ്പൻതൊടി വീട് (ത്രിവേണി), പട്ടാമ്പി, കീഴായൂർ പി.ഒ., പാലക്കാട് ജില്ല സമർപ്പിച്ച അപേക്ഷ.
11. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 16.02.2024-ലെ DWCD/2563/2023-E4 നമ്പർ കത്ത്.
12. 15.06.2024-ലെ പാലക്കാട് ജില്ല കളക്ടറുടെ DCPKD/4449/ 2024-A3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ ഒറ്റപ്പാലം അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 10.05.2022 തീയതിയിൽ മരണപ്പെട്ട ശ്രീ.മണികണ്ഠൻ.കെ-യുടെ മകൻ ശ്രീ.അജിത്.കെ, ആശ്രിത നിയമന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം (10) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (11) പ്രകാരം ശിപാർശ ചെയ്ത് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

2) പ്രസ്തുത ശിപാർശയിന്മേൽ പാലക്കാട് ജില്ല കളക്ടർ പരാമർശം (12) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ ഒറ്റപ്പാലം അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരവേ 10.05.2022 തീയതിയിൽ മരണപ്പെട്ട ശ്രീ.മണികണ്ഠൻ.കെ-യുടെ മകനാണ് അപേക്ഷകനായ ശ്രീ.അജിത്.കെ എന്നും വനിത ശിശു വികസന ഡയറക്ടർ നൽകിയ 19.02.2024-ലെ DWCD/2563/2023-E4 നമ്പർ സേവന സാക്ഷ്യ പത്രം പ്രകാരം പരേതനായ ജീവനക്കാരൻ സർവ്വീസിൽ പ്രവേശിച്ച തീയതി 25.10.1995-ഉം ടിയാൻ മരണപ്പെട്ട തീയതി 10.05.2022-ഉം ആണെന്നും ഇതു പ്രകാരം ടിയാൻ 26 വർഷവും 6 മാസവും 16 ദിവസവും സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ടെന്നും, അപേക്ഷകനായ ശ്രീ.അജിത്.കെ SSLC, +2 പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും ടിയാളുടെ ജനന തീയതി 10.12.1996 ആണെന്നും, അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000/- (മുപ്പത്തിയാറായിരം രൂപ മാത്രം) രൂപയാണെന്നും പരേതന്റെ മരണസമയത്ത് അപേക്ഷകൻ ടിയാന്റെ ആശ്രിതനായിരുന്നുവെന്നും കൂടാതെ അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് കാണിച്ച് അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട മറ്റ് എല്ലാവരും സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടെന്നും മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതർ ആരും തന്നെ ഇതിനു മുൻപ് ടി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാമർശം (1) മുതൽ (9) വരെയുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം അപേക്ഷകന് ജോലി ലഭിക്കുന്നതിന് അർഹതയുണ്ടെന്നും മേൽ സാഹചര്യത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ശ്രീ.അജിത്.കെ-യുടെ അപേക്ഷ പരിഗണിച്ച് ക്ലാർക്ക് തസ്തികയിലേക്ക് നിയമനത്തിനായി പാലക്കാട് ജില്ലാ കളക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന വകുപ്പ് ഡയറക്ടർ , പാലക്കാട് ജില്ല കളക്ടർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ.അജിത്.കെ-യ്ക്ക് (കണ്ടപ്പൻതൊടി വീട് (ത്രിവേണി), പട്ടാമ്പി, കീഴായൂർ പി.ഓ., പാലക്കാട് ജില്ല) വനിത ശിശു വികസന വകുപ്പിന് കീഴിൽ ലോവർ ഡിവിഷൻ ക്ലർക്കിന്റെ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ഒഴിവിൽ അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള പാലക്കാട് ജില്ലയിൽത്തന്നെ കഴിവതും നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള പാലക്കാട് ജില്ലയിൽത്തന്നെ കഴിവതും നിയമനം നൽകേണ്ടതും സാധുവായ അപേക്ഷ തീയതിയെ അടിസ്ഥാനമാക്കി നിയമനത്തിനായുള്ള അപേക്ഷകന്റെ സീനിയോരിറ്റി കണക്കാക്കേണ്ടതുമാണ്. പരേതനായ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും ജീവനക്കാരൻ അവസാനമായി ജോലി ചെയ്തിരുന്ന ഓഫീസിലെ ജീവനക്കാര്യം സംബന്ധമായ രജിസ്റ്ററിലും ഇത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4) അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്നു ബോധ്യമാവുകയോ ചെയ്താൽ ഈ ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

5) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ പരിശോധിച്ചതിന് ശേഷം ശ്രീ.അജിത്.കെ-യ്ക്ക് വനിത ശിശു വികസന

വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വനിത ശിശു വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
ശ്രീ.അജിത്.കെ, കണ്ടപ്പൻതൊടി വീട് (ത്രിവേണി), പട്ടാമ്പി, കീഴായൂർ പി.ഓ., പാലക്കാട് ജില്ല (വനിത ശിശു വികസന വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ) കേരളം തിരുവനന്തപുരം.
ജില്ല കളക്ടർ, പാലക്കാട്.
പൊതുഭരണ (സി.ഇ സെൽ) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
സെക്ഷൻ ഓഫീസർ
Date: 15-07-2024 17:03:55